# കുഞ്ഞുരാമൻ നായരും തത്തമ്മക്കിളിയും പിന്നെ ഞാനും

വർഗീസ് ഏബ്രഹാം ഡെൻവർ

**ഈ** കഥയിൽ ഒരു കുഞ്ഞുരാമൻ നായരുണ്ട്, കുറെ പച്ചപ്പനം തത്തകളുണ്ട്, പിന്നെ ഞാനുമുണ്ട്. കഥ തുടങ്ങുന്നതു കുഞ്ഞുരാമൻ നായരുടെ വീടിന്റെ പിന്നിലെ കുന്നിൽ ചെരിവിലിരിക്കുന്ന ഗവ. പ്രൈമറി സ്കൂൾ മുതലാണ്. കുഞ്ഞുരാമൻ നായർ വടക്കേതിലെ നാറാപുള്ളയുടെ ഏക മകനാണ്. നാറാപുള്ളയെ ഞങ്ങൾ ചെറിയ തലമുറ കണ്ടിട്ടില്ല. പ്രൈമറി സ്കൂളിലെ പ്യൂൺ കുഞ്ഞുരാമൻ കൊച്ചേട്ടൻ സ്കൂൾ തുറന്നാലുടൻ ആദ്യം ചെയ്യുന്നതു ഇരുപതുകിലോ ഭാരമുള്ള ഒരു ഓട്ടുചേങ്ങല വരാന്തയുടെ ശീലാന്തിയിൽ കെട്ടിയിരിക്കുന്ന ഒരു കയറിൽ തൂക്കിയിടുക എന്നുള്ളതാണ്; അതിന്റെ കൂടെകാശാവിന്റെ തടിയിൽ ചെത്തിമിനുക്കിയ ഒരു കൊട്ടുവടിയും.

വടക്കേതിൽ കുടുംബം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു പഴയ നായർ തറവാടാണ്. ചേട്ടന്റെ മൂത്തപെങ്ങളെ നാട്ടുകാർ മൂസതു (മൂത്തതു ലോപിച്ചു മൂസത് ആയി എന്നു ജനം പറയുന്നു) എന്നാണ് വിളിച്ചിരുന്നത്. ഒരു നാലര അടി പൊക്കം, വെളുത്ത നിറം, അവരെ അയച്ചതല്ലെങ്കിൽ തന്നെയും അവർക്കൊരു മകളുണ്ട്-ഭാർഗ്ഗവി. ഭാർഗ്ഗവി അതീവസുന്ദരിയാണ്. പുരനിറഞ്ഞു നിൽക്കുന്ന ഭാർഗ്ഗവിയേയും അയയ്ക്കാൻ നിർവ്വാഹമില്ലാതെ വന്നപ്പോൾ അവരും നിന്നുപോയി.

മൂസതു മേൽമുണ്ട് കൊണ്ടു മേലു മറച്ചിരുന്നെങ്കിൽ തന്നെയും അതിന്റെ ഫലം കണ്ടിരുന്നില്ല മിക്കപ്പോഴും. ആ കാലത്തു ആ പ്രായത്തിലുള്ള സ്ത്രീകളെ അങ്ങനെ പലേയിടങ്ങളിലും കണ്ടിരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഞങ്ങൾ കുട്ടികൾക്കും 'അതു'കാണുമ്പോൾ 'ഒന്നും' തോന്നുകയുമില്ലായിരുന്നു. മൂസതിന്റെ തൊട്ടുപിന്നാലെ വന്നവളാണു 'പൂക്കാരി'. അവരുടെ ഔദ്യോഗികനാമം ഞങ്ങൾക്കാർക്കും അറിയില്ല നാളിതുവരെ. മൂന്നാമത്തവൾ ദേവകിയമ്മ 'കൊന്നപ്പൂ നിറമുള്ള കുന്നിക്കുരു കവിളുള്ള കരിനീലക്കണ്ണുള്ള' ഒരു 'ആര്യപുത്രി'. ഈശ്വരന്റെ ഒരു പരിപൂർണ്ണ സൃഷ്ടി. ഹൊ, എന്താണവരെ കാണാൻ...! ദേവകിയമ്മയുടെ വിവാഹം ഒരു സ്വയംവരമായിരുന്നു. നാടിളക്കിമറിച്ച ഒരു സംഭവം. അവരുടെ വിവാഹവാർത്ത ഗ്രാമത്തിലെ ചില ബാച്ച്ലേഴ്സിനെ ആത്മഹത്യയുടെ വക്കുവരെ എത്തിച്ചു. ഇവരുടെയെല്ലാം സ്നേഹപരിലാളനയിൽ വളർന്നുവന്ന ഒരു കുഞ്ഞാങ്ങളയായിരുന്നു ശ്രീ. കുഞ്ഞുരാമൻ നായർ എന്ന നമ്മുടെ കഥാപുരുഷൻ. തന്റെ വികാര

വിചാരങ്ങൾ ആരോടും പറയാതെ ഉള്ളിലൊതുക്കി, മൂന്നു പെങ്ങന്മാരുടെ താങ്ങും, തണലുമായി ദൈവത്തിന്റെ ഈ ഹരിതഭൂമിയിൽ അൻപതു വർഷക്കാലം ജീവിതം ഹോമിച്ചുതീർത്ത ഒരു ഒറ്റത്തടി.

സ്കൂളിൽ അദ്ധ്യയനം തുടങ്ങുന്നതിനു മുമ്പേ സ്കൂളിലെ മണിയടിക്കുന്നതു ഹെഡ്മാസ്റ്റർ ആയ തൊട്ടാവാടിപറമ്പിലെ മത്തായിസാറിന്റെ ഏകമകൻ തോമസു കുട്ടിയായിരുന്നു. അവൻ സ്കൂളിലെ ഹീറോ കൂടിയായിരുന്നു. ഹെഡ്മാസ്റ്ററുടെ മകനെന്നതിലുപരി മോനിട്ടർ, എന്നും മണിയടിക്കുന്നവൻ, പെൺകുട്ടികളുടെ ആരാ ധ്യൻ... അങ്ങനെ പോവുന്നു അയാളുടെ റെസ്യൂമെ. തോമസ്കുട്ടി അഞ്ചാംക്ലാസ്സിൽ നിന്നും ഗ്രാജ്വേറ്റ് ചെയ്ത് സായിപ്പിന്റെ ഇംഗ്ലീഷ് സ്കൂളിലേക്കു ചേക്കേറുന്ന സമയം. അന്നൊക്കെയും ആ ചേങ്ങലയിലൊന്നു കൊട്ടണമെന്ന ചിരകാലമോഹവും ഹൃദയത്തിൽ പേറിക്കൊണ്ടു നടക്കുന്ന ഒരു പയ്യൻസുണ്ടായിരുന്നു- ഞാനെന്ന ഈ ഞാൻ.

ഒരിയ്ക്കൽ അതു സംഭവിച്ചു. കുഞ്ഞുരാമൻ കൊച്ചേട്ടൻ കൃഷിയിറക്കാൻ പണിക്കാരുമായി പാടത്തുവന്ന സമയം. ഞങ്ങളുടെ നിലവും, അതിയാന്റെ നിലവു മായി ഒരു വരമ്പു കൊണ്ടു വേർതിരിച്ചിരുന്നു. ഞങ്ങളിടുന്ന ജൈവവളം മുഴുവൻ ഒലിച്ചിറങ്ങുന്നതു കൊച്ചേട്ടന്റെ പാടത്തേക്കായിരുന്നു. അതുകൊണ്ടു അതിയാനും കൃത്യമായിട്ടു വളമൊന്നും ഇടേണ്ട ആവശ്യമില്ലായിരുന്നു. എന്റെ ചിരകാലമോഹം, എന്റെ പിതാവ് കുഞ്ഞുരാമൻ ചേട്ടനോടറിയിക്കുന്നു, അദ്ദേഹം മൗനസമ്മതനായി കേട്ടുകൊണ്ടുനിൽക്കുന്നു, ഉടൻ തന്നെ സ്കൂളിലെ മണിയടി എന്ന ജോലി വളരെ നിഷ്പ്രയാസം എനിയ്ക്കു കരഗതമാവുന്നു. ഞാൻ സ്കൂളിലെ 'ആസ്ഥാന മണിയ ടിക്കാരനായി' മാറുന്നു. അന്നും, ഇന്നും 'മണിയടി' ഇല്ലാതെ ജീവിക്കുക ദുഷ്ക്കര മാണല്ലോ, പ്രത്യേകിച്ചു കേരളക്കരയിൽ.

എന്നെപ്പോലെ തന്നെ മണിയടിക്കാനുള്ള മോഹവും ഉള്ളിലൊതുക്കി നടന്ന ഒരു പെൺകൊടിയുണ്ടായിരുന്നു ആ സ്കൂളിൽ- പഞ്ചായത്തു മെമ്പർ കൈതക്കാ ട്ടിൽ ദാനിച്ചന്റെ മകൾ കേ. ഡി. മറിയാമ്മ. ഒരിക്കൽ അവളെന്നെ കൈ കൊട്ടി വിളിച്ചു- ഒരു പിൻവിളി. തിരിഞ്ഞുനോക്കിയപ്പോൾ ആ വലിയ ആഗ്രഹവുമായി നിൽക്കുകയാണവൾ. കേ. ഡി. അവളുടെ ഇനീഷ്യലാണെങ്കിലും, ആൾ ഒരു കേഡി തന്നെയായിരുന്നു. എന്നേക്കാൾ മൂന്നു വയസ്സു കൂടുതലുള്ളവൾ. അതിനു തക്ക വളർച്ചയും, അസ്ഥിമുഴുപ്പുമുള്ളവൾ. തികഞ്ഞ ഒരു നാടൻ പെണ്ണ്. ഒരു പെൺകുട്ടി

പള്ളിക്കൂടത്തിലെ മണിയിൽ കൊട്ടുക എന്നുപറഞ്ഞാൽ...! ഛെ, അതൊരു നാട്ടുന ടപ്പോ, രീതിയോ അല്ലല്ലോ? അവളുടെ ആഗ്രഹം നിറവേറ്റാൻ കഴിയാത്തതിലുള്ള കുണ്ഠിതം ഇന്നും എന്റെ ഉള്ളിന്റെയുള്ളിലെ ഒരു നൊമ്പരമായി ശേഷിക്കുന്നു.

എന്നും മണിയടിക്കുക എന്നുള്ളതാണല്ലോ എന്റെ ജോലി? കിണീം...കിണീം.. കിണീം... എന്നു പത്തുപതിനഞ്ചു പ്രാവശ്യം പഞ്ചമത്തിൽ അതിതാരസ്ഥായിൽ ഞാൻ മണിയടിക്കും. ക്ലാസ്സു തുടങ്ങാറായി കുട്ടികളെ വന്നു പഠിപ്പീൻ... എന്ന അറി യിപ്പു കൂടെയാണല്ലോ ഈ മണിയടിയുടെ പശ്ചാത്തലം? അന്നുമുതൽ സ്കൂളിലെ പല ആൺകുട്ടികളുടെയും ശത്രുവായി മാറി ഞാൻ. അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ലെന്നല്ലേ ചൊല്ല്? എന്റെ സുഹൃദ്‌വലയങ്ങളിൽപ്പെട്ട ചില ചങ്ങാതിമാർക്ക് ഈ കർമ്മം അതതു സമയങ്ങളിൽ ഞാൻ ഒരു വക ഔട്സോഴ്സിംഗ് പോലെ കൊടുത്തിരുന്നു. ആ കെയ്റോഫിൽ അവരിൽ നിന്നും ചില പ്രത്യേക ആനുകൂല്യ ങ്ങളൊക്കെയും കൈപ്പറ്റിയിരുന്നു. ഈ ഔട്സോഴ്സിംഗ് എന്ന കുന്ത്രാണ്ടം സായിപ്പു കണ്ടുപിടിച്ച ഒന്നൊന്നുമല്ല, പണ്ടു മുതലേ കേരളത്തിൽ, അല്ലാ ഇന്ത്യയിൽ ആകെ നടമാടിയിരുന്ന ഒരു അന്തർദേശീയ സമ്പ്രദായം ആയിരുന്നു. മണിയടിക്കാൻ അല്പം താമസിച്ചാൽ, കുഞ്ഞുരാമൻ കൊച്ചേട്ടന്റെ ഒരു നോട്ടമുണ്ട് എന്റെ നേർക്ക്- ചൂളി പ്പോവുന്ന ഒരു നോട്ടം!

ഞങ്ങളുടെ പാടത്തും, കൊച്ചേട്ടന്റെ പാടത്തും നെല്ല് ഋതുമതിയായി, നെല്ലിനു കണ വീണു. നെല്ലിനു കണവീഴുമ്പോൾ പാടത്തിറങ്ങരുതെന്നു പഴമക്കാർ പറയാ റുണ്ട്. നെല്ലിനു വളരെ കരുതൽ വേണ്ട സമയം. കണയിൽ പൂവിരിഞ്ഞു, നോക്കി നിൽക്കേ നെല്ലിൻതണ്ടിൽ നെൽക്കതിരുകൾ കൈകൂപ്പി കൂമ്പി നിന്നു, അതിൽ നെൽമണികൾ നിറഞ്ഞു, ഗോതമ്പിന്റെ നിറമുള്ള, തലയണ പോലുള്ള നെൽമണി കൾ മഴവില്ലുപോലെ വിരിഞ്ഞുനിന്നു.

നെല്ലുവിളഞ്ഞു പൊൻകതിരുകളായി നിൽക്കുന്നതു കാണുമ്പോൾ ഏതൊരു കർഷകന്റെയും നെഞ്ചിൽ കുളിർ കോരിയിടും.

കൊച്ചേട്ടൻ സ്കൂൾ അടച്ചാലുടൻ കോഴികളേയും മറ്റുകിളികളേയും ഓടി യ്ക്കാൻ പാടത്തേയ്ക്കൊരോട്ടമാണ്. പാടം ഒരുക്കിയത്, കള പറിച്ചത്, വളമിട്ടത് എല്ലാം ഈ ദിനത്തിനുവേണ്ടി മാത്രമായിരുന്നു- നെല്ല് കൊയ്തു കറ്റകളാക്കി മെതിച്ചു തന്റെ പത്തായത്തിൽ നിറയ്ക്കാൻ, പഞ്ഞക്കർക്കടകമാസത്തിൽ കഞ്ഞി വച്ചു കുടിയ്ക്കാൻ.

എന്നാൽ കുഞ്ഞുരാമൻ കൊച്ചേട്ടൻ പാടത്തു ചെയ്യുന്നതെല്ലാം സസൂക്ഷ്മം ശ്രദ്ധിച്ചുകൊണ്ടിരുന്ന ചിലരുണ്ടായിരുന്നു അയലത്തെ കൊച്ചുവാഴത്തോപ്പിൽ കലപിലക്കൂട്ടിക്കൊണ്ടിരുന്ന കുറെ 'പച്ചപ്പനംതത്തകൾ'. കൊച്ചേട്ടൻ ഇല്ലാത്ത തക്കം നോക്കി പച്ചപ്പനംതത്തകൾ തങ്ങളുടെ ഭാരിച്ച ശരീരവുമായി സ്ലോമോഷനിൽ പറന്നുവന്നു പൊന്നരിവാളു പോലിരിക്കുന്ന സ്വർണ്ണചുണ്ടുകൾ കൊണ്ടു ആ പൊൻകതിരൊക്കെയും അറുത്തുമാറ്റും. അതുകാണുമ്പോൾ ഏതൊരു നെൽകൃഷി കർഷകന്റെയും നെഞ്ചൊന്നു പിടയും. "പച്ചപ്പനംതത്തേ പുന്നാരപൂമുത്തേ പുന്നെല്ലിൻ പൂങ്കരളേ". എന്നൊക്കെ കവികൾക്കു പാടാം. അവർക്കു ഒരു തുണ്ടു കടലാസിന്റെയും, അല്പം മഷിയുടെയും കാര്യമല്ലെ ഉള്ളൂ. ഇതു കുഞ്ഞുരാമൻ നായരുടെ അതിജീവനത്തിന്റെ പ്രശ്നമാണ്. "തെയ്യനം തെയ്യനം പാടുന്ന പാടത്തു നീയൊന്നു പാടഴകേ" എന്നു കൊച്ചേട്ടൻ ചുണ്ടിൽ മൂളാറുണ്ടെങ്കിൽ തന്നെയും അതു കൊയ്ത്തു കഴിഞ്ഞു മാത്രം മതിയെന്നാണു കൊച്ചേട്ടന്റെ മതം. 'അക്കാണും മാമല വെട്ടി വയലാക്കി' ആണു കൊച്ചേട്ടൻ ആരിയൻ വിത്തെറിഞ്ഞത്. താനൊരു സോഷ്യലിസ്റ്റാണെങ്കിലും, ഇങ്ങനെ പോയാൽ കൊയ്യാൻ വരുമ്പോൾ വൈക്കോൽ മാത്രമേ മീതിയുണ്ടാവുള്ളൂ; കൂലിക്കാർക്കു പതം കൊടുക്കാൻ പോലും മിച്ചമുണ്ടാവില്ല.

ഒരു സായം സന്ധ്യസമയം. ആകാശം പൊടുന്നനെ കറുത്തിരുണ്ടു. തുള്ളിക്കൊരു കുടം എന്ന കണക്കേ മഴ പെയ്യാൻ തുടങ്ങി. നനഞ്ഞുകുളിയ്ക്കുമെന്ന പരുവമായപ്പോൾ കൊച്ചേട്ടൻ പാടത്തിന്റെ തൊട്ടരികയുള്ള വീട്ടിലേക്കു ഓടിക്കയറി. വീടിന്റെ ഇറമ്പടിയിൽ ഭിത്തിയോടു ചേർന്നു ഒട്ടിനിന്നു. എങ്കിലും മഴയുടെ ഓരോ തുള്ളിയും കൊച്ചേട്ടന്റെ മേൽ പതിച്ചു. പിറ്റേദിവസവും ഇതേ സമയം മഴ പെയ്തു. കൊച്ചേട്ടൻ വീണ്ടും വീടിന്റെ ഇറമ്പടിയിൽ സ്ഥാനം പിടിച്ചു. വീട്ടുടമ ജാനകിയമ്മ ചോദിച്ചു: "എന്തിനാ കൊച്ചേട്ടാ ങ്ങനെ നിന്നു നനേന്നേ, ഇറയത്തു കയറി ഇരിക്കൂന്നേ". അവർ ഒരു സ്റ്റൂൾ നീക്കിയിട്ടു കൊടുത്തു. ജാനകിയമ്മ, ഇന്ത്യാ ചൈനയുദ്ധത്തിൽ വീരചരമം പ്രാപിച്ച ഒരു ജവാന്റെ വിധവയാണ്. ഇപ്പോഴും യുവത്വത്തിന്റെ പടവുകളിൽ കയറി നിൽക്കുന്നവൾ. വേണമെങ്കിൽ ഇനിയും ഒരങ്കത്തിനു കൂടെ ബാല്യമുണ്ട്.

കൊച്ചേട്ടൻ ഒരു വിനീതവിധേയനെപ്പോലെ സ്റ്റൂളിൽ കയറിയിരുന്നു. ജാനകിയമ്മ കൊടുത്ത ചൂടുചുക്കുകാപ്പിയും ഊതിക്കുടിച്ചുകൊണ്ടു മുറ്റത്തു വീഴുന്ന ഓരോ മഴത്തുള്ളിയും നോക്കിയിരുന്നു. മഴത്തുള്ളികൾക്കുണ്ടാവുന്ന രൂപഭാവം

അയാൾ ശ്രദ്ധിച്ചു. മഴയിൽ വിരിയുന്ന വെള്ളക്കുമിളകളിലെ മഴവില്ലിന്റെ സൗന്ദര്യവും ചുക്കുകാപ്പിയുടെ സ്വാദും അയാൾ ഒരുപോലെ ആസ്വദിച്ചു. ഇന്നുവരെയും വളകളിഞ്ഞ കൈ കൊണ്ടുണ്ടാക്കിയ ഒരു കാപ്പിയോ, ചായയോ കുടിയ്ക്കാനുള്ള ഒരു യോഗം കൊച്ചേട്ടനുണ്ടായിട്ടില്ല. ഇത്രയും നല്ല ഒരു ചുക്കുകാപ്പി തന്റെ ജീവിതത്തിൽ കുടിച്ചിട്ടില്ല. മഴ ആർത്തു പെയ്തു... കൊല്യാൻ മിന്നി... ഇടി വെട്ടി... കൊച്ചേട്ടൻ ചൂടുകാപ്പി ഊതിക്കുടിക്കുന്നതു നോക്കി ജാനകിയമ്മ തൂണിനു പാതി മറഞ്ഞു നിന്നു. മഴ കഴിയും വരെ ആരും ഒന്നും മിണ്ടിയില്ല. മഴ കഴിഞ്ഞപ്പോൾ യാത്ര പോലും ചോദിക്കാതെ കൊച്ചേട്ടൻ മുറ്റത്തേക്കു ചാടി ഒരോട്ടം കൊടുത്തു.

കൊച്ചേട്ടൻ വീണ്ടും വീണ്ടും പാടത്തു വന്നു. വീണ്ടും മഴ പെയ്തു... തോരാത്ത മഴ... കൊല്യനും ഇടിയുമുള്ള മഴ....

സുന്ദരി പച്ചപ്പനംതത്തകൾ കൂട്ടംകൂട്ടമായി വീണ്ടും പാടത്തുവന്നു, കൊയ്ത്തരിവാൾ കൊണ്ടു കൊച്ചേട്ടന്റെ നെൽക്കതിരുകൾ വീണ്ടും അറുത്തുമാറ്റി, നീലച്ച വിതാനത്തിലേക്കു സ്ലോ മോഷനിൽ പറന്നുയർന്നു.

മാസങ്ങൾ കടന്നുപോയി. കൊച്ചേട്ടനും ജാനകിയമ്മയും കുഞ്ഞിനു ഓമനക്കുഞ്ഞമ്മ എന്ന പേരിട്ടു.

***********